(എ) സംസ്ഥാനത്ത് പുതിയതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതി സംഘടനകൾക്കും പട്ടികജാതി ട്രസ്റ്റുകൾക്കും മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇതിലേക്കു വേണ്ടി പട്ടികജാതി സംഘടനകൾക്കും പട്ടികജാതി ട്രസ്റ്റുകൾക്കും പൊതു നിബന്ധനകളിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പുതിയ സ്കൂളുകൾ അനുവദിക്കുന്നത് പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത കണക്കിലെടുത്തും കേരള വിദ്യാഭ്യാസ നിയമത്തിലെ അദ്ധ്യായം 5-ൽ പ്രതിപാദിച്ചിരിക്കുന്ന നിയമങ്ങൾ അനുസരിച്ചുമാണ്.

അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താൻ നടപടി

67 (2047) ശ്രീ. എം. വി. ജയരാജൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വർഷാരംഭത്തിൽ തന്നെ അദ്ധ്യാപകരുടെ എല്ലാ ഒഴിവുകളും നികത്താൻ വേണ്ട നടപടികൾ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുമോ ;

(ബി) അദ്ധ്യാപകരുടെ ഒഴിവുകൾ തിട്ടപ്പെടുത്താൻ നിലവിലുള്ള നടപടിക്രമം എപ്രകാരം ആണെന്ന് വ്യക്തമാക്കാമോ ;

(സി) ഒഴിവുകൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനം സ്കൂൾ വർഷാരംഭത്തിൽ നടത്താനും അവ നികത്തുന്നതിനുവേണ്ട നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനും വേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലേക്കുള്ള നിയമനം അധികവും വർഷത്തിന്റെ മദ്ധ്യത്തിലോ അവസാനമോ ആണ് നടക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഇ) എങ്കിൽ അവ വിദ്യാഭ്യാസ വർഷത്തിന്റെ ആദ്യ മാസങ്ങളിൽ തന്നെ നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കൂൾ വർഷാരംഭത്തിൽ തന്നെ അദ്ധ്യാപകരുടെ എല്ലാ ഒഴിവുകളും നികത്താൻ വേണ്ട നടപടികൾ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിട്ടയർമെന്റ്, പ്രൊമോഷൻ, ട്രാൻസ്ഫർ, ലീവ്, സ്റ്റാഫ് ഫിക്സേഷൻ മുഖേനയുണ്ടാകുന്ന ഒഴിവുകൾ എന്നിവ കണക്കിലെടുത്താണ് ഒഴിവുകൾ തിട്ടപ്പെടുത്തുന്നത്.

(സി) സ്വീകരിക്കാറുണ്ട്.

(ഡി) ചില സന്ദർഭങ്ങളിൽ ഇങ്ങനെ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സ്കൂൾ വർഷാരംഭത്തിനുമുമ്പായി ഏപ്രിൽ-മേയ് മാസങ്ങളിൽ ഇതു സംബന്ധിച്ച നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നല്കി വരുന്നുണ്ട്.

സംസ്ഥാന സർക്കാർ ഗ്രന്ഥശാല സംഘത്തിന് നൽകിയ തുക

68 (2048) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രന്ഥശാല നിയമം പാസ്സായതിന് ശേഷം തെരഞ്ഞെടുക്കപ്പെട്ട ആദ്യ കമ്മിറ്റി നിലവിൽ വന്നത് എന്ന് മുതലാണ് ;

(ബി) കടമ്മനിട്ട രാമകൃഷ്ണൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ആദ്യകമ്മിറ്റി മുതൽ ഇപ്പോഴത്തെ കമ്മിറ്റി വരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാന സർക്കാർ വിദ്യാഭ്യാസത്തിന് നീക്കിവച്ച തുകയുടെ എത്രശതമാനം ഗ്രന്ഥശാലാ സംഘത്തിന് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതു ഓരോ വർഷവും എത്ര ശതമാനമാണെന്നും അതാത് വർഷത്തെ വിദ്യാഭ്യാസത്തിന്റെ ബഡ്ജറ്റ് തുക എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(സി) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ ഗ്രന്ഥശാലാ സംഘം പ്രസിഡന്റായി ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടതുമുതൽ ഇതുവരെ ഓരോ വർഷവും കെട്ടിട നികുതിയുടെ സെസ് ഇനത്തിൽ എത്രരൂപ വീതം ഗ്രന്ഥശാലകൾക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കെട്ടിടനികുതിയിനത്തിൽ ഗ്രന്ഥശാലകൾക്ക് ഉള്ള സെസ് ഗ്രന്ഥശാലകൾക്ക് നൽകുന്നത് നേരിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണോ അതോ സംസ്ഥാന സർക്കാരിൽ പണം വന്നതിനുശേഷം സർക്കാർ നൽകുകയാണോ എന്ന് വ്യക്തമാക്കുമോ ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി ഇനത്തിലുള്ള ഗ്രന്ഥശാല വിഹിതം നൽകിയിട്ടും സർക്കാർ നൽകാതിരുന്നിട്ടുണ്ടോ ; ഓരോ വർഷത്തേയും ഇത് സംബന്ധിച്ച കണക്കുകൾ നൽകാമോ ?

ഉത്തരം

(എ) 27-4-1994 മുതൽ

(ബി) 1994-95 മുതൽ സർക്കാർ ബഡ്ജറ്റിൽ വിദ്യാഭ്യാസത്തിന് വക കൊള്ളിച്ചിട്ടുള്ള തുക, ഗ്രന്ഥശാലാ സംഘത്തിന് നൽകിയിട്ടുള്ള തുക എന്നിവ സംബന്ധിച്ച് വിശദവിവരം അനുബന്ധമായി വച്ചിരിക്കുന്നു†.

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly